ട്രെയിനിംഗ് തുടങ്ങി ഒരു മാസത്തിനകം ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീർന്നുപോകുമെന്നാണ് വ്യവസ്ഥ. ഇത് മനസ്സിലാക്കിക്കൊണ്ട് 1985 മാർച്ച് 31-ാം തീയതി ഉണ്ടാകാവുന്ന റിട്ടയർമെന്റ് വേക്കൻസിയും ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഒരു ബ്ലോക്കിൽ അഡീഷണലായിട്ട് മൂന്ന് വി. ഇ. ഒ. മാർകൂടി വേണമെന്നുള്ള നിർദ്ദേശവും കണക്കിലെടുത്ത് മൊത്തം 1204 റാങ്ക് ഹോൾഡേഴ്സിന് അഡ്വൈസ് മെമ്മോ കൊടുത്തിട്ടുണ്ട്. അതിൽ 779 പേരെ ട്രെയിനിംഗിനുവേണ്ടി ഡെപ്യൂട്ട് ചെയ്തു. ആ 779 പേരിൽ 579 പേർ ട്രെയിനിംഗ് കഴിഞ്ഞു വന്നു. 416 പേരുടെ ട്രെയിനിംഗ് പൂർത്തിയായി, അവരെ നിയമിച്ചു. 15-7-1985-ൽ 88 പേരുടെ ട്രെയിനിംഗ് പൂർത്തിയായിട്ടുണ്ട്. അവർക്ക് ഉടനെ നിയമനം നൽകും. ഇനി റാങ്ക് ലിസ്റ്റിൽ കൊല്ലം–65, എറണാകുളം–30, തൃശ്ശൂർ–35, മലപ്പുറം–106, കോഴിക്കോട്–89, കണ്ണൂർ, കാസർകോട് 100 ഈ നിലയിൽ മൊത്തം 425 അഡ്വൈസ് മെമ്മോ കിട്ടിയിട്ടുള്ള റാങ്ക് ഹോൾഡേഴ്സുണ്ട്. ഇപ്പോൾ മണ്ണുത്തിയിലും കൊട്ടാരക്കരയിലും തളിപ്പറമ്പിലും നടക്കുന്ന രണ്ടോംബാച്ചുകാരുടെ ട്രെയിനിംഗ് പൂർത്തിയായാൽ ഉടനെ ട്രെയിനിംഗ് സെന്ററും ഹോസ്റ്റലും ഒഴിവായി കിട്ടുന്നതനുസരിച്ച് അവശേഷിക്കുന്ന 425 പേരെ ട്രെയിനിംഗിന് അയക്കാൻ കഴിയും. ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്തെ പ്രപ്പോസൽ അനുസരിച്ച് 453 പേരെ നമുക്ക്.....

ശ്രീ. എം. കെ. ശശീന്ദ്രൻ : സർ, കാലാവധി കഴിഞ്ഞാൽ ലിസ്റ്റ് കാൻസലായിപ്പോകും.

ശ്രീ. പി. കെ. വേലായുധൻ : ഇല്ല സർ, ഞാൻ പറഞ്ഞല്ലോ. കാലാവധി തീരുന്നതിനുമുമ്പ് 1204 പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു. അഡ്വൈസ് മെമ്മോ കിട്ടിയിട്ട് ട്രെയിനിംഗ് പൂർത്തിയാക്കാനുള്ളത് 425 പേരാണ്. ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഒരു ബ്ലോക്കിൽ മൂന്നുപേർ എന്നനിലയിൽ 453 പേരെ നിയമിക്കാനുണ്ട്. അതുകൊണ്ട് ഈ 425 പേർക്ക് നിയമനം കിട്ടുകയില്ല എന്നുള്ള അശങ്കയ്ക്ക് യാതൊരു വഴിയുമില്ല. കൂട്ടത്തിൽ ഒന്നുപറയട്ടെ സർ ട്രെയിനിംഗിന് മെമ്മോ കിട്ടാത്ത ആളുകളുടെ അസോസിയേഷൻ ഉണ്ടാക്കി അതിന്റെ ആഭിമുഖ്യത്തിൽ മാറുചില അനാശാസ്യകരമായ സമീപനം സ്വീകരിക്കുന്നതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഈ സമയത്ത് അത് ഉന്നയിച്ചത് ഉചിതമായി. അഡ്വൈസ് മെമ്മോ കിട്ടി ട്രെയിനിംഗിനു വേണ്ടി കാത്തുനിൽക്കുന്നവർ ആരുടേയും പ്രലോഭനത്തിനോ മറ്റ് എന്തിനെങ്കിലുമോ വഴങ്ങരുതെന്നു പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു.

(5) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്കുള്ള കൺസിഷൻ

ശ്രീ. സി. എഫ്. തോമസ് : സർ, നമ്മുടെ സംസ്ഥാനത്തിൽ ബസിൽ യാത്ര ചെയ്യുന്ന ലക്ഷക്കണക്കിനുവരുന്ന വിദ്യാർത്ഥികളും ആകപ്പാടെ ഇന്ന് ബുദ്ധിമുട്ടിലായിരിക്കുകയാണ്. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അടിയന്തിരമായി നടപടികളും സ്വീകരിച്ചേ മതിയാവുകയുള്ളൂ. കുട്ടികളുടെ ഷെഡ്യൂളുകളിൽ 40 കൺസിഷൻ ടിക്കറ്റ് കൊടുക്കുക എന്ന് ഇക്കൊല്ലം മുതൽ നിർബന്ധം പിടിച്ചിരിക്കുകയാണ്. കഴിഞ്ഞകൊല്ലം ഇങ്ങനെയായിരുന്നില്ല. കഴിഞ്ഞകൊല്ലം. ആവശ്യത്തിന് കൺസിഷൻ ടിക്കറ്റ് കൊടുക്കുമായിരുന്നു. ഇപ്പോൾ 40 കൺസിഷൻ ടിക്കറ്റേ കൊടുക്കൂ എന്നാക്കിയിരിക്കുകയാണ്. കെ. എസ്. ആർ. ടി. സി. നഷ്ടത്തിലാകുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും കുട്ടികളുടെ തലയിൽ ഏൽപ്പിക്കരുത്

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് യാത്ര ചെയ്യാനുള്ള സൗകര്യം കഴിഞ്ഞകൊല്ലത്തെപോലെ കൊടുക്കണം. അതുപോലെ തന്നെ ഒരു ഷെഡ്യൂൾ ക്യാൻസലായിപോലും കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഒരു റൂട്ടിൽ ഒരു ഷെഡ്യൂൾ ക്യാൻസലാകുമ്പോൾ 40 വച്ച് കുറയും. ഇക്കൊല്ലം ഷെഡ്യൂൾ ക്യാൻസലേഷൻ വളരെക്കൂടുതലായതുകൊണ്ട് കുട്ടികൾ പിന്നെയും ബുദ്ധിമുട്ടിലാവുകയാണ്. പ്രത്യേകിച്ച് ഡിഗ്രി ക്ലാസുകളൊക്കെ ഈ ആഴ്ചയിൽ തുടങ്ങുകയാണ്. കോളേജ് വിദ്യാർത്ഥികളെല്ലാം വളരെ വ്യാപകമായിട്ട് എല്ലാ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷനേറയും വാതിൽക്കൽ സമരത്തിലാണ്. ഈ പരിതഃസ്ഥിതി പ്രത്യേകമായി കണക്കിലെടുക്കണം.

ഒരു സജഷൻകൂടി എനിക്കുണ്ട്. ഇപ്പോഴതന്നെ നിന്നുതിരിയാൻ സ്ഥലമില്ലാത്ത ബസ് സ്റ്റേഷനുകളിൽ നിന്നാണ് കൺസിഷൻ ടിക്കറ്റ് വിതരണം ചെയ്യുന്നത്. അതുകൊണ്ട് കൺസിഷൻ ടിക്കറ്റ് വിതരണം ചെയ്യാനുള്ള ചുമതല കോളേജുകളേയും സ്കൂളുകളേയും ഏൽപ്പിക്കുക എന്നുള്ള നിർദ്ദേശംകൂടി എനിക്കുണ്ട്. അടിയന്തിരമായി ഈ കാര്യങ്ങളിലൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, കെ. എസ്. ആർ. ടി. സി. നാമമാത്രമായി ബസ് സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ സർവ്വീസ് ഒന്നിന് 40 കൺസിഷൻ ടിക്കറ്റ് മാത്രമേ കോർപ്പറേഷൻ നൽകിവരുന്നുള്ളൂ. ദേശസാൽകൃതമല്ലാത്ത മേഖലകളിലും റൂട്ടുകളിലും ട്രാൻസ്പോർട്ട് ബസുകളോടൊപ്പം സ്വകാര്യ ബസ് ഓടുന്ന റൂട്ടുകളിൽ സർവ്വീസുകളുടെ അനുപാതമനുസരിച്ച് കൺസിഷൻ ടിക്കറ്റിന്റെ എണ്ണവും പരിമിതപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ആവശ്യാനുസരണം ബസ് സർവ്വീസ് നടത്തുന്നതിന് സ്വകാര്യ ബസ് ഉടമകൾക്ക് അഡീഷണൽ പെർമിറ്റ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുണ്ട്. സ്വകാര്യ ബസുകളുടെ സമയം വിദ്യാർത്ഥികൾക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. സ്വകാര്യ ബസ് സർവ്വീസ് നടത്തുന്നതിന് നൽകിയിട്ടുള്ള സമയം അനുസരിച്ച പലപ്പോഴും അവർ സർവ്വീസ് നടത്തുന്നില്ല എന്ന പരാതി ലഭിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെവരുന്ന സ്ഥലങ്ങളിൽ കെ. എസ്. ആർ. ടി. സി. ബസുകൾ കൂടുതൽ വിദ്യാർത്ഥികളെ കൊണ്ടുപോകേണ്ടിവരും. ഇതിനെക്കുറിച്ച് അടിയന്തിരമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(6) കോട്ടയത്ത് ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിലെ തൊഴിലാളികൾ നേരിടുന്ന പിരിച്ചുവിടൽ ഭീഷണി

ശ്രീ. കാനം രാജേന്ദ്രൻ: സർ, 750 തൊഴിലാളികൾക്ക് നേരിട്ടും 300-ഓളം തൊഴിലാളികൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ് കോട്ടയം ജില്ലയിലെ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ്. ഈ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിലെ 15 MBA കാൽസ്യം കാർബൈഡ് പ്ലാന്റിൽ ഒന്ന് അടച്ചിട്ടുകൊണ്ട് 129 തൊഴിലാളികളെ റിഗ്രസ്റ്റ് 14-ാം തീയതി മുതൽ പിരിച്ചുവിടാനുള്ള തീരുമാനം മാനേജുമെന്റ് എടുക്കുകയും ഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുകയും ചെയ്തിട്ട് രണ്ടുമാസം കഴിഞ്ഞു. 54-ാമത്തെ ദിവസം ഒരു കോൺഫറൻസ് ഗവൺമെന്റ് വിളിച്ചുകൂട്ടി എങ്കിലും ഐ. ഡി. ആക്ടിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യം നിരസിച്ചോ അംഗീകരിച്ചോ എന്നുള്ളതിനെ സംബന്ധിച്ച് യൂണിയനുകളെ ഒന്നും അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly